കൈത്തറി സഹകരണ മേഖലയിൽ കെട്ടിക്കിടക്കുന്ന തുണിത്തരങ്ങൾ

* 56. [56] ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, ഒ. രേതൻ :
,, കെ. മൂസ്സക്കുട്ടി :
ശ്രീമതി പി. വേലായുധി :
ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി സഹകരണ മേഖലയിൽ എത്ര കോടി രൂപയുടെ തുണിത്തരങ്ങൾ കെട്ടിക്കിടക്കുന്നുണ്ട് ;

(ബി) ഈ തുണിത്തരങ്ങൾ വിറ്റഴിക്കാൻ എന്തെങ്കിലും പുതിയ പദ്ധതികളോ സംവിധാനങ്ങളോ സർക്കാർ നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(സി) തുണിത്തരങ്ങൾ വിറ്റഴിക്കപ്പെടാത്തതിനെ തുടർന്ന് സഹകരണ സ്ഥാപനങ്ങൾ സ്തംഭനാവസ്ഥയിലായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) 30-9-1986 വരെയുള്ള കണക്കുപ്രകാരം 16 കോടി രൂപയുടെ സ്റ്റോക്കുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) നിലവിലുള്ള പദ്ധതികളും സംവിധാനങ്ങളും സ്റ്റോക്ക് വിറ്റഴിക്കുന്നതിന് പര്യാപ്തമാണെന്നുള്ളതിനാൽ പുതിയ സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ല.

(സി) ഇല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കൈത്തറി മേഖലയിൽ തുണി കെട്ടിക്കിടക്കുന്നതിന്റെ ഫലമായി കൈത്തറി സഹകരണ സ്ഥാപനങ്ങൾ ഇന്ന് വലിയ തകർച്ചയെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥിതിയുണ്ട്. ഈ കാര്യം പരിഹരിക്കുന്നതിനുവേണ്ടിയാണ് കൈത്തറി സഹകരണ സ്ഥാപനങ്ങളുടെ തുണികം വിറ്റഴിക്കുന്നതിനുവേണ്ടി റിബേറ്റ് കൊടുക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. റിബേറ്റ് തുകയിൽ സഹകരണ സ്ഥാപനങ്ങൾക്ക് എത്ര കുടിശ്ശിക കൊടുത്തു തീർക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : ഒന്നാമതായി കൈത്തറി തുണികം കെട്ടിക്കിടക്കുന്നതുകൊണ്ട് സഹകരണ സംഘങ്ങൾക്ക് സ്തംഭനമില്ല എന്നു പറഞ്ഞു. റിബേറ്റ് തുകയെ സംബന്ധിച്ചിടത്തോളം 31-3-1986 വരെയുള്ള റിബേറ്റ് ക്ലെയിമുകം 162.56 ലക്ഷം രൂപയാണ്. ഇതിൽ ബഡ്ജറ്റിൽ മിച്ചമുള്ളത് 350.56 ലക്ഷം രൂപയാണ്. ബഡ്ജറ്റിലുള്ള മുഴുവൻ തുകയും കൊടുത്തു തീർത്തശേഷം ബാക്കി വരുന്ന തുക 63 ലക്ഷം രൂപ മാത്രമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ക്രെഡിറ്റ് സെയിൽസ് ഇനത്തിൽ ഉദ്യോഗസ്ഥൻമാർക്ക് തുണി കടം കൊടുക്കുന്നുണ്ട്. ആ ഇനത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് എന്തു തുക കൊടുക്കാനുണ്ടെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : ക്രെഡിറ്റ് സെയിൽസ് ഇനത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുന്നത്. ക്രെഡിറ്റ് സെയിൽസ് ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷമുണ്ടായ പരിഷ്ക്കാരത്തെ

LIBRARY ARCHIVES Kerala Legislative Assembly

തുടർന്ന് പുതുതായി വരിൽക്കുന്ന എല്ലാ തുകയും ഡയറക്ടായിട്ട് ഹാൻറക്സിലാണ് പോകുന്നത്. ഹാൻറക്സിൽ നൽകാനുള്ള തുകയെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറ് എത്രാണ്ട് പരമാവധി തുക കൊടുത്തു കഴിഞ്ഞിട്ടുണ്ട് ഉദാഹരണം : 1984-85-ൽ 1,10,51,567 രൂപയിൽ 80,000 രൂപയും 1985-86-ൽ 92 ലക്ഷം രൂപയും 1986-87-ൽ 41,71,000 രൂപയും ക്രെഡിറ്റ് സെയിൽസിൽ അവർക്ക് കിട്ടിക്കഴിഞ്ഞു. അക്കൗണ്ടൻറ് ജനറലിൻറെ കണക്കു പ്രകാരം 1985 സെപ്റ്റംബർ വരെ കൊടുക്കാനുള്ളത് വെറും 7,20,000 രൂപ മാത്രമാണ്. ബാക്കി പുതിയതു പ്രകാരം വിറ്റുകഴിഞ്ഞാൽ ആ തുക മുഴുവനും ഹാൻറക്സിൻറെ അക്കൗണ്ടിൽ പോരുകയും അത് ഓതറൈസ് ചെയ്ത ഉദ്യോഗസ്ഥൻമാർക്ക് ഡയറക്ടായിട്ട് ട്രഷറിയിൽനിന്ന് വാങ്ങാവുന്നതുമാണ്.

ശ്രീ. കെ. മൂസ്സക്കുട്ടി : റിബേറ്റ് ഇനത്തിൽ കൈത്തറി സഹകരണ സ്ഥാപനങ്ങൾക്ക് ഇപ്പോഴും സർക്കാർ കൊടുക്കാനുള്ള കാശ് കൊടുക്കുന്നില്ലായെന്നുള്ളതിൻറെ അടിസ്ഥാനത്തിൽതന്നെ കുറെ സഹകരണ സ്ഥാപനങ്ങളും ഇന്ന് സ്തംഭനത്തിലാണ്. പക്ഷെ റിബേറ്റിൻറെ അടിസ്ഥാനത്തിൽ ചില ക്രമക്കേടുകളും കാണിച്ചു എന്നു പറഞ്ഞുകൊണ്ട് കുറെ സൊസൈറ്റികളുടെ നേരെ ബഹുമാനപ്പെട്ട മന്ത്രി ചില പകപോക്കൽ നടപടികളും സ്വീകരിച്ചു. അത്തരം സൊസൈറ്റികൾക്ക് റിബേറ്റ് ഇനത്തിൽ യാതൊരു കാശും കൊടുക്കാതെ ബുദ്ധിമുട്ടിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അത്തരം ചില സംഭവങ്ങളുണ്ടെങ്കിൽ അതിനു കാരണമെന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ വിവേചനം കാണിച്ചു എന്നു എന്നെ സംബന്ധിച്ചിടത്തോളം പറഞ്ഞത് ഞാൻ അത് ആദ്യമായി നിഷേധിക്കുന്നു. അങ്ങനെ യാതൊരു വിവേചനവും കാണിച്ചിട്ടില്ല. റിബേറ്റിനെ സംബന്ധിച്ചിടത്തോളം 1986 മാർച്ച് 31 വരെ ആകെ ആവശ്യമുള്ള തുക 4 കോടി 63 ലക്ഷം രൂപയാണ്. ബഡ്ജറ്റിൽ ഉൾപ്പെടുത്തിയത് 4 കോടി രൂപയാണ്. 4 കോടി രൂപയിൽ എത്രാണ്ട് ഒരു കോടി രൂപ ഇപ്പോഴും ഗവൺമെൻറിൻറെ കൈയ്യിൽ മിച്ചമുണ്ട്. ഒരു കോടി 63 ലക്ഷം രൂപയുടെ ക്ലെയീംസ്തന്നെ വന്നാലും 63 ലക്ഷം രൂപ മാത്രമേ കൂടുതൽ കാണേണ്ടതുള്ളു. പിന്നീട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ചില സൊസൈറ്റികൾ കൃത്രിമം കാണിച്ച സൊസൈറ്റികളാണ്. കൃത്രിമം കാണിച്ച സൊസൈറ്റികളുടെ പേരിൽ നടപടി എടുക്കാനുള്ള ബാദ്ധ്യത ഗവൺമെൻറിനുണ്ട്. ആ സൊസൈറ്റികളിൽ ചിലത് കോടതികളിൽ കേസ്സിനുപോയി. അതിൻറെ പരിശോധന നിറുത്തിവക്കണമെന്ന് കോടതി ആവശ്യപ്പെട്ടതിനെ തുടർന്ന് വെരിഫിക്കേഷൻ നടത്താൻ സാധിക്കാത്തതുകൊണ്ട് അവർക്ക് ക്ലെയിം കൊടുക്കാത്തതാണ്. ഗവൺമെൻറിനെ സംബന്ധിച്ച് ഒരു വിവേചനവുമില്ല. കൃത്രിമം കാണിച്ചുകൊണ്ട് റിബേറ്റ് തട്ടിക്കുന്ന സൊസൈറ്റികളുടെ പേരിൽ നടപടികളും എടുക്കാനുള്ള തീരുമാനത്തിൽനിന്ന് ഗവൺമെൻറ് പിന്നോട്ടുപോകാൻ ഉദ്ദേശിക്കുന്നില്ല എന്നു മാത്രമാണ് ബഹുമാനപ്പെട്ട മെമ്പറോട് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. മൂസ്സക്കുട്ടി : കൃത്രിമം കാണിച്ച സൊസൈറ്റികളുടെ പേരിൽ നടപടി എടുക്കണമെന്ന് തന്നെയാണ് പറയുന്നത്. പക്ഷെ ചില സൊസൈറ്റികൾ കൃത്രിമം കാണിച്ചിട്ടും നടപടികളും എടുക്കാരിക്കുന്ന കാര്യങ്ങളെ സംബന്ധിച്ചാണ് ഞാൻ സൂചിപ്പിച്ചത്. അതാണ് എനിക്കുള്ള ഒരു പരാതി. മറ്റൊന്ന് തുണി കെട്ടിക്കിടക്കുന്നതിനെ സംബന്ധിച്ചുള്ള കാര്യമാണ്. ഇതുപോലെയുള്ള പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു സഹായവും ചെയ്യുന്നില്ല. പുതിയ ഡിസൈനുകളും മറ്റു കാര്യങ്ങളും ഇല്ലാത്തതിന്റെ പേരിൽ തുണി കെട്ടിക്കിടക്കുന്നത് മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആദ്യത്തെ ചോദ്യത്തിന് നടപടി എടുത്തതിനെ സംബന്ധിച്ചുമാത്രമേ പരാതി കിട്ടിയിട്ടുള്ളു. നടപടികൾ എടുക്കാത്ത സൊസൈറ്റികളിൽനിന്നും പരാതി ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർക്ക് ഏതെങ്കിലും സൊസൈറ്റി കൃത്രിമം കാണിച്ചിട്ട് സർക്കാർ നടപടി എടുത്തിട്ടില്ലായെന്ന് ചൂണ്ടിക്കാണിച്ചാൽ ഗവൺമെന്റ് ഉടൻ നടപടി എടുക്കുന്നതാണ്. രണ്ടാമത്തെ ചോദ്യത്തിനു മറുപടിയായി കെട്ടിക്കിടക്കുന്നില്ലായെന്ന് ഞാൻ നേരത്തെ പറഞ്ഞു. കാരണം ഇവിടെ 4 കോടി രൂപയാണ് റിബേറ്റ് ഇനത്തിൽ കൊടുക്കുന്നത്. 4 കോടി രൂപ റിബേറ്റ് കൊടുക്കണമെങ്കിൽ 20 കോടി രൂപയുടെ സാധനങ്ങൾ വിറ്റഴിക്കണം 20 കോടി രൂപയുടെ സാധനങ്ങൾ വിറ്റഴിക്കണമെങ്കിൽ 35.40 കോടി രൂപയുടെ സാധനങ്ങൾ സ്റ്റോക്കുണ്ടായിരിക്കണം. ഇപ്പോഴത്തെ സ്റ്റോക്ക് വെറും 16 കോടി രൂപയുടെ സാധനങ്ങൾ മാത്രമാണ്. ഡിസൈനെ സംബന്ധിച്ചും മറ്റും അപ്പപ്പോൾ അതാത് നിലയിൽ ഗവൺമെന്റിനുള്ള എല്ലാ വിവരങ്ങളും സൊസൈറ്റികൾക്കും മറ്റും നൽകുന്നുണ്ട്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : കേന്ദ്രഗവൺമെന്റിന്റെ ടെക്സ്റ്റൈൽ നയം കേരളത്തിലെ കൈത്തറി വ്യവസായത്തെ പല വിധത്തിലും ബാധിക്കുമെന്ന് അറിയാമോ ?

ശ്രീ. ഇ. അഹമ്മദ് : ഇപ്പോൾ കൈത്തറിക്ക് കുറെയധികം ഫൈറംസ് റിസർവ് ചെയ്തിട്ടുള്ളതുകൊണ്ട് അതു ഗുണകരമാണെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : ഇപ്പോൾ കൈത്തറി മേഖലയിൽ കൃത്രിമം കാണിച്ച സൊസൈറ്റികളുടെ പേരിൽ നടപടി എടുക്കുന്നതിന് നിങ്ങൾ എല്ലാം സഹായിച്ചാൽ മതിയെന്ന് മന്ത്രി ഇവിടെ മറുപടി പറഞ്ഞു. കൃത്രിമം കാണിക്കുന്നവരെ ശിക്ഷിക്കുന്നതിന് മറ്റുള്ളവരുടെ സഹായമാണോ ആവശ്യം, അതോ അന്വേഷണത്തിന്റെ കൈ ശുദ്ധമാക്കുകയാണോ ആവശ്യം.

ശ്രീ. ഇ. അഹമ്മദ് : ഇവിടെ പറഞ്ഞത് കൃത്രിമം കാണിക്കുന്ന സൊസൈറ്റികളുടെ പേരിൽ ഇന്ന് ഗവൺമെന്റ് നടപടിയെടുത്തുവെന്നാണ്. ഏതെങ്കിലും സൊസൈറ്റിയെ ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ പേരിലും നടപടിയെടുക്കാമെന്നാണ്. ഗവൺമെന്റ് എടുക്കുന്ന നടപടിക്കെതിരായി കേസ്സിനു കോടതിയിൽ പോകുന്നുണ്ട്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : റിബേറ്റ് കൊടുക്കാത്തത് സംബന്ധിച്ച് കൈത്തറി സഹകരണസംഘങ്ങളുടെ പരാതി ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ ; സംഘങ്ങൾ ഇനിമേൽ റിബേറ്റ് അടിസ്ഥാനത്തിൽ സെയിൽസ് നടത്തുകയില്ലെന്നുള്ള തീരുമാനവും ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ നിവേദനത്തിനും തീരുമാനത്തിനും എന്തു നടപ്പടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. ഇ. അഹമ്മദ് : റിബേറ്റ് കൊടുക്കുന്നതിൽ ഒരു വിവേചനവും കാണിച്ചിട്ടില്ല. ചില സൊസൈറ്റികൾ തറികൾ പെരുപ്പിച്ചു കാണിച്ചുകൊണ്ടും വാങ്ങാത്ത നൂൽ വാങ്ങിയതായി കാണിച്ചുകൊണ്ടും തുണി ഉല്പാദിപ്പിക്കപ്പെടുന്നുവെന്ന് കണ്ടുപിടിക്കപ്പെട്ടതിനെത്തുടർന്ന് അവരുടെ പേരിൽ നടപടി എടുക്കുകയായിരുന്നു. അതിനെത്തുടർന്ന് ഒരു സർവ്വെ സംസ്ഥാനം

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ നടത്തുകയാണ്. കാസർകോട് ആരംഭിച്ച സർവ്വെ കൊല്ലം ജില്ല വരെ എത്തിക്കഴിഞ്ഞു. തിരുവനന്തപുരം ജില്ലയിൽ വീവേഴ്സ് അസോസിയേഷൻ സഹകരണസംഘങ്ങൾ, ഡിസ്ട്രിക്ട് ഹാൻഡ്ലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആൻഡ് വീവേഴ്സ് അസോസിയേഷൻ പേരിൽ ഒരാൾ തിരുവനന്തപുരം മുൻസിഫ് കോടതിയിൽ കേസ് കൊടുത്തു. കോടതിയുടെ ഇൻജങ്ഷൻ വന്നു. ആ ഇൻജങ്ഷനിൽ പറയുന്നത്, റിബേറ് തുക കൊടുത്തു തീർക്കുന്നതുവരെ വെരിഫിക്കേഷൻ നടത്താൻ പാടില്ലയെന്നാണ്. എന്നാൽ വെരിഫിക്കേഷൻ നടത്തിയാലെ റിബേറ് കൊടുക്കാൻ പറ്റുകയുള്ളു. അതുകൊണ്ട് മുൻസിഫ് കോടതിയുടെ സ്റ്റേ വെക്കേറ് ചെയ്തു. സ്റ്റേ വെക്കേറ് ചെയ്തതിന്റെ പിറ്റേ ദിവസം അഡീഷണൽ സെക്ഷൻ ക്ലാസ് ഡിസ്ട്രിക്ട് കോടതിയിൽ നിന്നും സിവിൽ മിസലേനിയസ് അപ്പീലിന്റെ പേരിൽ വേറൊരു സ്റ്റേ വന്നു അതും വെക്കേറ് ചെയ്യാൻവേണ്ടി അന്നുമുതൽ ഗവൺമെന്റ് ഒരുപാട് ഹർജികൾ കൊടുത്തു. ആ കേസ് ഓരോ ദിവസവും നീണ്ട് നീണ്ട് പോകുകയാണ്. ആ കേസിലും പറയുന്നത്, റിബേറ് തുക കൊടുത്തു തീർക്കുന്നതുവരെ വെരിഫിക്കേഷൻ നടത്താൻ പാടില്ലെന്നാണ്. വെരിഫിക്കേഷൻ നടത്തിയാൽ മാത്രമേ റിബേറ് തുക കൊടുക്കാൻ നിർവ്വാഹമുള്ളു. അതുകൊണ്ടാണ് കോടതിയിൽ നിന്നും സ്റ്റേ വെക്കേറ് ചെയ്യാൻവേണ്ടി ഗവൺമെന്റ് ശ്രമിക്കുന്നത്. ഈ കേസ് വീണ്ടും കോടതി നിറുത്തിവച്ചിരിക്കുകയാണ്. കോടതി വെരിഫിക്കേഷൻ പാടില്ലെന്ന് പറയുകയും വെരിഫിക്കേഷൻ നടത്താതെ റിബേറ് കൊടുക്കാൻ സാധിക്കാതെയും വരുന്ന അവസ്ഥയിൽ ഗവൺമെന്റിന്റെ വിഷമം എല്ലാവർക്കും മനസ്സിലാക്കാവുന്നതേയുള്ളു. ഇന്നും റിബേറ് തുക ഗവൺമെന്റിന്റെ പക്കൽ മിച്ചമുണ്ട്. എപ്പോഴാണ് കോടതിയിൽ നിന്ന് സ്റ്റേ വെക്കേറ് ചെയ്യുന്നത് അപ്പോഴത്തന്നെ വെരിഫിക്കേഷൻ നടത്തി ക്ലെയിംസ് വെരിഫൈ ചെയ്ത് ശരിയായ തുക സൊസൈറ്റികൾക്ക് നൽകുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : കൃത്രിമം കാണിച്ച സൊസൈറ്റികളുടെയെല്ലാം പേരിൽ ആവശ്യമായ നടപടിയെടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. നെയ്യാറിൻകര താലൂക്കിൽ ഇത്തരം സഹകരണസംഘങ്ങൾ മുഴുവൻ തറി ഇല്ലാതെ ആവശ്യമുള്ള അംഗങ്ങളില്ലാതെ മാർക്കറിൽ നിന്നും തുണി വാങ്ങി കള്ള റിക്കാർഡ് ഉണ്ടാക്കി ലക്ഷക്കണക്കിന് ഉറുപ്പികയുടെ തട്ടിപ്പ് റിബേറ് ഇനത്തിൽ നടത്തുന്നുവെന്ന് എല്ലാ പത്രങ്ങളിലും സ്ഥിരമായി വന്നുകൊണ്ടിരുന്നു. അതിനെത്തുടർന്ന് മന്ത്രിതലത്തിലും അന്വേഷണങ്ങൾ ആരംഭിച്ചു. കുളങ്ങരക്കോണം സൊസൈറ്റി നടത്തുന്ന രത്നാകരൻ എന്നയാളും അദ്ദേഹത്തിന്റെ ഭാര്യ സെക്രട്ടറിയായും അദ്ദേഹത്തിന്റെ അളിയൻ അവിടത്തെ പ്രധാനപ്പെട്ട ജോലിക്കാരനുമായി, അങ്ങനെയൊരു കുടുംബം നടത്തുന്ന സൊസൈറ്റി കോടിക്കണക്കിന് രൂപയുടെ തട്ടിപ്പ് കഴിഞ്ഞ കാലങ്ങളിൽ നടത്തിയതായിട്ടുള്ള വ്യക്തമായ ആരോപണത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് കൊടുത്തു. ആ സൊസൈറ്റിയുടെ പേരിലുള്ള നടപടികൾ എവിടെവരെയായി. നെയ്യാറിൻകരയിൽ ഒട്ടാകെ നടന്ന ഇത്തരം അഴിമതിയുടെയും കുംഭകോണത്തിന്റെയും അടിസ്ഥാനത്തിലുള്ള നടപടികൾ എവിടെവരെ എത്തിയെന്ന് പറയാമോ ?

ശ്രീ. ഇ. അഹമ്മദ് : തിരുവനന്തപുരം ജില്ലയിൽ 17 സർക്കിളുകളുണ്ട്. നെയ്യാറിൻകരയിൽ 12, തിരുവനന്തപുരത്ത് 3, നെടുമങ്ങാട് 1, ചിറയിൻകീഴ് 1. ഇതിൽ അന്വേഷണത്തിൽ കണ്ടത് ചിറയിൻകീഴ്, തിരുവനന്തപുരം ജില്ലയിലെ കുളത്തൂർ സർക്കിളിലും യാതൊരു കുഴപ്പവുമില്ലെന്നാണ്. നെയ്യാറിൻകരയിലുള്ള 12 സർക്കിളിലും അതുപോലെതന്നെ

LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരത്തുള്ള വീഴിഞ്ഞം സർക്കിളിലും കൂടി 140 സഹകരണസംഘങ്ങൾ കൃത്രിമം കാണിക്കുകയുണ്ടായി. ഈ സഹകരണസംഘങ്ങളുടെ പേരിൽ നടപടിയെടുത്തുവരവെയാണ് ഇവർ കോടതിയിൽ ഹർജിയുമായി പോയത്. കൃത്രിമം ശരിയാണോ തെറ്റാണോ എന്ന് നോക്കണമെങ്കിൽ ആ സർവ്വെ നടക്കണം. തിരുവനന്തപുരം ജില്ലയിൽ സർവ്വെ നടത്താൻ കഴിഞ്ഞില്ല. ജനറൽ മാനേജർ സാധാരണ സർവ്വെ നടത്തിയപ്പോഴാണ് 140 സംഘങ്ങളിൽ കുറവ് കണ്ടത്. അവരുടെ പേരിൽ ആവശ്യമായ നടപടി ഗവൺമെന്റ് എടുക്കുന്നതിനിടയിൽ ആണ് ഈ കേസ് ഉണ്ടായത്. ബഹുമാനപ്പെട്ട മെമ്പർ ഒരു പ്രത്യേക സൊസൈറ്റിയെപ്പറ്റി ചോദിച്ചു. അതിനു പ്രത്യേകമായി നോട്ടീസ് തരാമെങ്കിൽ വിശദവിവരങ്ങൾ തരാൻ എനിക്ക് സാധിക്കും.

ശ്രീമതി കെ. ആർ. ഗൗരി : തിരുവനന്തപുരം ജില്ലയിൽ ഈ സർവ്വെ നടത്താത്തതിന്റെ പേരിൽ കുറെക്കാലമായി സ്റ്റേ കിടക്കുകയാണ്. ഞാൻ മനസ്സിലാക്കിയിടത്തോളം ജനറൽ മാനേജരും കുറെക്കാലമായി അവിടെ ഇരിക്കുകയാണ്. ഇങ്ങനെയൊരു സ്റ്റേ നിലനിൽക്കുന്നതുകൊണ്ടും സർവ്വെ നടത്താത്തതുകൊണ്ടും യഥാർത്ഥത്തിലുള്ള കൈത്തറി സഹകരണസംഘങ്ങൾക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽനിന്നുപോലും ലോൺ കിട്ടാറില്ല. അങ്ങനെ ലോൺ കിട്ടാതെ എല്ലാ സൊസൈറ്റികളും അടച്ചു പൂട്ടേണ്ട സ്ഥിതി വന്നിട്ടുള്ളത് അറിയാമോ ?

ശ്രീ. ഇ. അഹമ്മദ് : അടച്ചു പൂട്ടാനുള്ള സൊസൈറ്റികൾ പൂട്ടാതെ പ്രവർത്തിക്കുന്നതാണ് കണ്ടതുകൊണ്ടാണ് ഈ നടപടികൾ എടുത്തത്, നിലവിലുള്ള സൊസൈറ്റികളെ സംബന്ധിച്ച് വെരിഫിക്കേഷൻ ആവശ്യമാണെന്ന് തോന്നിയത് പല സൊസൈറ്റികളെ സംബന്ധിച്ചും പരാതി ലഭിച്ചതുകൊണ്ടാണ്. ഈ പരാതിമൂലം തിരുവനന്തപുരത്ത് ഞാൻ ആദ്യം പറഞ്ഞതുപോലെ കേസ്സിനു പോയി, കേസ്സിലുള്ള ഇൻജങ്ഷൻ അനുസരിച്ച് അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് 24-3-1986-ലാണ് ഉത്തരവ് പാസ്സാക്കിയത്. അതിനുശേഷം പലപ്പോഴായി ഈ കേസ് നിരുത്തിവച്ചു. ഓരോ പ്രാവശ്യവും അഡ്വാൻസ് പെറ്റീഷൻ കൊടുത്തു. 11-4-1986, 15-4-1986, 24-4-1986, 3-5-1986, 6-5-1986, 29-8-1986, 4-7-1986, 10-9-1986, 20-10-1986 വരെ കേസ് നിരുത്തി പോരുകയാണ്. എനിക്കു കിട്ടിയ വിവരം ഞാൻ ഈ സഭയിലുള്ള മെമ്പർമാരുടെ അറിവിലേക്കായി പറയാം. മുനിസിഫ് കോടതിയിലുള്ള റിക്കാർഡുകൾ ഡിസ്ട്രിക്ട് കോടതിയിലേക്ക് എത്തിയില്ല എന്നുള്ളതിന്റെ പേരിൽ കേസ് നിരുത്തി പോകുകയാണ്. ഓരോ പ്രാവശ്യവും ഗവൺമെന്റ് പ്ലീഡർ അതിനുവേണ്ടി ശ്രമിക്കുകയാണ്. ഇത് വെക്കേറ്റ് ചെയ്തു കിട്ടണം. വെക്കേറ്റ് ചെയ്തുകഴിഞ്ഞാൽ മാത്രമേ വെരിഫിക്കേഷൻ നടത്താൻ പാടുള്ളൂ. ജനറൽ മാനേജരും ഡിപ്പാർട്ടുമെന്റും ഗവൺമെന്റ് പ്ലീഡറും ഒത്തുചേർന്നാണ് മുൻസിഫ് കോടതിയിലും ഡിസ്ട്രിക്ട് കോടതിയിലും ഹാജരായത്. ഗവൺമെന്റ് വളരെയധികം ശക്തമായ നടപടി എടുക്കുന്നുണ്ട്. കോടതി കേസ് ഡിസ്പോസ് ചെയ്യാത്തതിന്റെ ഉത്തരവാദിത്വം ഈ ഗവൺമെന്റിൽ ചുമത്തിയിരിക്കുന്നത് ഒട്ടും ശരിയല്ലെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ. വെരിഫിക്കേഷൻ കഴിഞ്ഞാൽ മാത്രമേ ഇത് സംബന്ധിച്ച് നടപടിയെടുക്കാൻ നിർവ്വാഹമുള്ളൂ. വെരിഫിക്കേഷൻ നടത്താൻ കോടതി തടഞ്ഞിരിക്കുകയാണ്. കോടതിയിൽ നിന്നും സ്റ്റേ വെക്കേറ്റ് ചെയ്യാതെ വെരിഫിക്കേഷൻ നടത്താൻ നിർവ്വാഹമില്ല. അതുകൊണ്ട് സംഘങ്ങൾക്ക് മെമ്പർ ചൂണ്ടിക്കാണിച്ചതുപോലുള്ള വിഷമതകൾ ഉണ്ടാകാൻ അനുവദിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : ഈ മുൻസിഫ് കോടതികളെ സ്റ്റേ എന്നാണോ തുടങ്ങിയത് അന്നു മുതൽ പൈസ കിട്ടുന്നില്ല.

ശ്രീ ഇ. അഹമ്മദ് : മുൻസിഫ് കോടതിയിലെ സ്റ്റേ വെക്കേറ്റ് ചെയ്തു. അടുത്തദിവസം 20-3-1986-ന് മുൻസിഫ് കോടതിയിൽ വീണ്ടും അപ്പീൽ കൊടുത്തു. ഈ കേസ് തുടങ്ങിയത് മാർച്ച് മാസത്തിലാണ്. മാർച്ച് മാസത്തിൽ ഒ. എ. നമ്പർ 436/86 പ്രകാരം മുൻസിഫ് കോടതി 14-3-1986-ൽ സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചു. 20-3-1986-ൽ ആ സ്റ്റേ വെക്കേറ്റ് ചെയ്തു. 21-3-1986-ന് സി. എം. എ. നമ്പർ 616/86 ആയി ഇൻറർ ലോക്യൂട്ടറി ആപ്ലിക്കേഷൻ 616/86 പ്രകാരം ഡിസ്ട്രിക്ട് ജഡ്ജി മി. സതീശൻ വീണ്ടും ഇൻജങ്ഷൻ കൊടുത്തു. ആ ഇൻജങ്ഷൻ കൊടുത്തതിനുശേഷം 15-6-1986-ലേക്ക് കേസ് പോസ്റ്റ് ചെയ്തു. അത് അഡ്വാൻസ് ഹിയറിംഗായി വാദിക്കാൻവേണ്ടി 5-4-1986-ൽ ഗവൺമെൻറ് മൂവ് ചെയ്തു. അതിനുശേഷമാണ് ഇത്രയുംനാൾ കേസ് നിറുത്തിനിറുത്തി പോകുന്നത്. ഓരോ പ്രാവശ്യവും അഡ്വാൻസ് ഹിയറിംഗ് പെറ്റിഷൻ കൊടുത്തുകൊണ്ട് ഗവൺമെൻറ് കേസ് ഡിസ്പോസ് ചെയ്യാൻ പരമാവധി ശ്രമിക്കുകയാണ്. കോടതിയിൽ നിന്നും സ്റ്റേ വെക്കേറ്റ് ചെയ്യാത്തതുകൊണ്ട് തിരുവനന്തപുരം ജില്ലയിലെ പല സൊസൈറ്റികളും പ്രത്യേകിച്ചു 140 സൊസൈറ്റികളും വിഷമത്തിലാണ്.

ശ്രീ. വി. ജെ. തങ്കപ്പൻ : കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ മന്ത്രി മറുപടി പറയുമ്പോഴും നെയ്യാറിൻകര താലൂക്കിൽപ്പെട്ട 32 സൊസൈറ്റികളാണ് തറി പെരിഫിക്കേഷനു എതിരായി നിൽക്കുന്നതെന്നും, കള്ളമാണ് കാണിച്ചെന്നും ഇവിടെ പറഞ്ഞു, എന്നാൽ ഇപ്പോഴും ആ സൊസൈറ്റികളുടെ എണ്ണം 140 ആയി ഉയർത്തിയിരിക്കുന്നു. മിക്കവാറും എല്ലാ സഹകരണസംഘങ്ങളും അദ്ദേഹത്തിൻറെ ബ്ലാക്ക് ലിസ്റ്റിൽപ്പെടുന്നു എന്നതാണ് ഒരു ആക്ഷേപം. ഈ 140 സഹകരണ സംഘങ്ങളെ അദ്ദേഹം പിടിച്ചിട്ട് റിബേറ്റ് ഗ്രാൻറ് കൊടുക്കാതെ നെയ്യാറിൻകര താലൂക്കിലെ കൈത്തറി മേഖലയെ ആകെ തകർക്കുന്ന ഒരു നിലപാടിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അത് നിഷേധിക്കാമോ ?

ശ്രീ. ഇ. അഹമ്മദ് : എനിക്ക് ഒരു സൊസൈറ്റിയോടും യാതൊരു പ്രത്യേകമായ വിരോധവുമില്ല. ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ നെയ്യാറിൻകര താലൂക്കിലുള്ള സൊസൈറ്റികളും കൃത്രിമം കാണിച്ചെങ്കിൽ അവരുടെ പേരിൽ നടപടിയെടുക്കാനുള്ള ബാദ്ധ്യത ഗവൺമെൻറിനുണ്ട്. ഈ പതിവ് പരിശോധനയിൽ ജനറൽ മാനേജർക്ക് മനസ്സിലാക്കാൻ കഴിഞ്ഞ ഒരു കാര്യം കൂടി ഞാൻ പറയട്ടെ. 27,000 ലൂംസുണ്ടെന്നാണ് പറഞ്ഞത് എന്നാൽ പതിവു പരിശോധനയിൽ കണ്ടത് പതിനൊന്നായിരം ലൂംസ് മാത്രമാണ്. പതിനൊന്നായിരം ലൂംസുകൾക്കുള്ള സൊസൈറ്റികൾക്ക് 27,000 ലൂംസുകളുണ്ടെന്നുള്ള കള്ള രേഖകൾ ഉണ്ടാക്കി അവയെപ്പറ്റി നടപടികളെടുക്കുമ്പോൾ ബഹുമാനപ്പെട്ട മെമ്പർമാരെപ്പോലുള്ള ആളുകൾ ഇങ്ങനെ പറയുന്നത് വളരെ സങ്കടകരമാണ്. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഈ റിബേറ്റ് തട്ടിക്കൊണ്ട് ഇല്ലാത്ത തറികൾ പെരുപ്പിച്ച് കാണിച്ച് ഇന്നുള്ള സൗകര്യങ്ങളും ആനുകൂല്യങ്ങളും വാങ്ങിയതിൻറെ പേരിൽ സർക്കാർ നടപടിയെടുക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അവരുടെ പേരിൽ ക്രിമിനൽ നടപടി എടുക്കുന്നതിനുപോലും ഗവൺമെൻറ് ആലോചിച്ചു വരികയാണ്.

ശ്രീ. ഇ. പത്മനാഭൻ : ഈ 10 കോടി രൂപക്കുള്ള തുണിത്തരങ്ങൾ ഇവിടെ കെട്ടിക്കിടക്കുന്നുവെന്നാണ് പറയുന്നത്. അത് വിറ്റഴിക്കുന്നതിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടി പ്രത്യേകം എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടാക്കുമോ എന്നുള്ളതിനെപ്പറ്റി വ്യക്തമായ ഒരു മറുപടിയും പറഞ്ഞില്ല. ഇങ്ങനെ തുണി കെട്ടിക്കിടക്കാനുള്ള കാരണവും, ആഭ്യന്തര വിപണിയിൽ കൈത്തറിയുടെ ചെലവ് കുറഞ്ഞു വരുന്നതുകൊണ്ടാണോ, വിദേശ വിപണി കണ്ടെത്തുന്നതിനും കയറ്റുമതി വികസിപ്പിക്കുന്നതിനും സാധിക്കാത്ത നമ്മുടെ കഴിവുകേട് കൊണ്ടാണോ, എന്താണ് ഇതിനുള്ള പ്രത്യേകം കാരണം എന്ന് ഗവൺമെൻറ് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : സ്പെഷ്യൽ റിബേറ്റ് സമയത്താണ് കൂടുതൽ സ്റ്റോക്കുകൾ വിറ്റഴിഞ്ഞു പോകുക. ഇപ്പോൾ കേരളത്തിലെ സഹകരണ സംഘങ്ങളിൽ 16 കോടി രൂപയുടെ സ്റ്റോക്കാണുള്ളത്. ഇനി അടുത്ത് ദീപാവലി റിബേറ്റ് തുടങ്ങും, ആ സമയത്ത് വിറ്റഴിക്കപ്പെടും. അതാണ് ഞാൻ പറഞ്ഞത് ആ കൊല്ലത്തിൽ ഇവിടെ ആകെ 20 കോടി രൂപയുടെ സാധനമാണ് വിറ്റഴിക്കപ്പെടുന്നതെന്ന്. 20 കോടി രൂപയുടെ സാധനം വിറ്റഴിക്കണമെങ്കിൽ 30–35 കോടി രൂപയുടെ സാധനമുണ്ടായിരിക്കണം. അതുകൊണ്ടാണ് ഇത് സ്റ്റോക്ക് മാത്രമാണ് അല്ലാതെ കെട്ടികിടപ്പല്ല. അതിനായി ഗവൺമെൻറ് കൂടുതൽ ഡീപ്പോകളും, സന്ദർശനശാലകളും അതുപോലെതന്നെ മറ്റ് സൗകര്യങ്ങളും വഴി ഇത് വിറ്റഴിക്കാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ഇനി കയറ്റുമതിയെ സംബന്ധിച്ചിടത്തോളവും ആവുന്നത്ര കയറ്റുമതി പ്രോൽസാഹനവും നൽകും.

ശ്രീ. ആർ. എസ്. ഉണ്ണി : റിബേറ്റ് വെട്ടിപ്പിനെ സംബന്ധിച്ച് ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറിൻെറ ഡിമാൻഡിനെപ്പറ്റി ഈ സഭ ചർച്ച ചെയ്തിട്ടുള്ളപ്പോഴൊക്കെ ഈ കാര്യം ഇവിടെ ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. ഈ ഗവൺമെൻറ് റിബേറ്റ് വെട്ടിപ്പിനെതിരെ കർശനമായ നടപടിയെടുക്കുമെന്ന് സഭക്ക് ഉറപ്പ് നൽകിയിരുന്നു. എന്നാൽ ഇപ്പോൾ ഇതിനെപ്പറ്റിയുള്ള ചോദ്യം വരുമ്പോൾ കോടതിയുടെ കാര്യവും മറ്റ് കാര്യവുമൊക്കെ പറഞ്ഞ് ഇതിനെ സംബന്ധിച്ച് ശരിയല്ലാത്ത മറുപടി പറയുന്നതല്ലാതെ, ക്രിമിനൽ നടപടിയുംപ്പെടെ ക്രിമിനൽ ഒഫൻസ് എന്നുള്ള നിലക്ക് നടത്തുന്നതിന് എന്തായിരുന്നു തടസ്സം ? ഗവൺമെൻറ് ഈ കാര്യത്തിൽ കുറ്റവാളികളെ രക്ഷിക്കുകയല്ലേ ചെയ്യുന്നത് ?

ശ്രീ. ഇ. അഹമ്മദ് : ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ഇപ്പോഴാണ് ഈ നടപടികളൊക്കെ സ്വീകരിച്ചിട്ടുള്ളത്. കാരണം, ഒരു ക്രിമിനൽ ഒഫൻസ് ഒരു കൊഗ്നൈസബിൾ ഒഫൻസായി കാണണമെങ്കിൽ ഓരോ സൊസൈറ്റിയെ സംബന്ധിച്ചുമുള്ള പ്രത്യേകമായ കണക്കുകൾ ശേഖരിക്കണം. ഇപ്പോൾ ഈ കഴിഞ്ഞ മൂന്നു നാലു മാസത്തിനകം ചില നടപടികൾ എടുത്തിരിക്കുകയാണ്. നടപടികൾ എടുത്തതിൻെറ ആദ്യത്തെ നടപടി അവരെ സംബന്ധിച്ചുള്ള റിബേറ്റ് ക്ലെയിംസ് വെരിഫൈ ചെയ്തതിനുശേഷമേ കൊടുക്കുകയുള്ളു എന്നുള്ളതാണ്. പെട്ടെന്ന് കണ്ട കുറ്റങ്ങൾക്കായി പിൽക്കാലത്തുള്ള റിബേറ്റിൽ നിന്ന് അവരെ ഒഴിവാക്കി അതോടൊപ്പം തന്നെ ഒഫൻസ് എന്താണെന്ന് കണ്ടു പിടിച്ചതിനുശേഷം നടപടികൾ എടുത്തു വരികയാണ്. ബഹുമാനപ്പെട്ട ശ്രീ. തങ്കപ്പൻ ചോദിക്കുന്നത് എന്തിനാണ് അവരെ വീഷമിപ്പിക്കുന്നതെന്ന്. ബഹുമാനപ്പെട്ട ശ്രീ. ഉണ്ണി ചോദിക്കുന്നു എന്ത് കൊണ്ട് അവരുടെ പേരിൽ നടപടി എടുക്കുന്നില്ലെന്ന്. അതുകൊണ്ടാണ് ഞാൻ പറയുന്നത് ഞങ്ങൾ നടപടിയെടുക്കുന്നവരാണെന്ന്. നടപടിയെടുക്കുന്നതാണ്, എടുക്കാനുള്ള നടപടിയെടുത്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly